എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ,

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ല.

(സി) നോക്കുകൂലി ആവശ്യപ്പെടുകയോ വാങ്ങിക്കുകയോ ചെയ്തു എന്നു ലഭിക്കുന്ന പരാതിയിന്മേൽ കർശനമായ നടപടി എടുക്കുന്നുണ്ട്. ഇതിനായി പ്രത്യേക നിയമ നിർമ്മാണം ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

(ഡി) നോക്കുകൂലി സർക്കാർ അംഗീകരിക്കുന്നില്ല.

കാർഷിക വിളകളുടെ കീടരോഗബാധ തടയുന്നതിന് പദ്ധതി

11(*131) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വിളകളുടെ കീടരോഗബാധ തടയുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ;

(ബി) കീടരോഗബാധിത മേഖലകളിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മൊബൈൽ ആഗ്രോക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ എത്ര മൊബൈൽ ക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) അമിത കീടനാശിനി പ്രയോഗത്തിനെതിരെ ബോധവൽക്കരണം നടത്താൻ പദ്ധതി ആവിഷ്കരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) കാർഷിക വിളകളുടെ കീടരോഗബാധ തടയുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംയോജിത കീടനിയന്ത്രണ പദ്ധതി, ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഉള്ള ജൈവകീടനിയന്ത്രണ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ, കേരശ്രീ പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വിവിധ രോഗകീട നിയന്ത്രണ പദ്ധതികൾ, സുസ്ഥിര നെൽകൃഷി വികസന പദ്ധതി എം.ഒ.യു. നെൽകൃഷി വികസനം ഉക്ഷ്യ സുരക്ഷാ പദ്ധതി എന്നീ പദ്ധതികളെല്ലാം കീട-രോഗനിയന്ത്രണം ഒരു ഘടകമായി ഉൾക്കൊള്ളിച്ച് രോഗ കീട നിയന്ത്രണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാദേശികാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിനും യോജിച്ച രീതിയിലുള്ളതും അത്യാവശ്യമുള്ളതുമായ രോഗകീടനിയന്ത്രണ പദ്ധതികൾ ഓരോ പഞ്ചായത്തിലും ജനകീയാസൂത്രണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഉദാഹരണത്തിന് വയനാട് ജില്ലയിൽ കുമ്പ് ചീയൽ ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനും കമുകിന്റെ മഹാളി നിയന്ത്രണത്തിന് മരുന്ന് തളി നടത്തുന്നതിനും ചില പഞ്ചായത്തുകൾ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. കാസർഗോഡ് ജില്ലയിൽ കാർഷിക വിളകളുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളിൽ കീടരോഗ നിയന്ത്രണം ഒരു ഘടകമായി ചേർത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഗ്രാമ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കീടരോഗബാധയ്ക്ക് വേണ്ട ജൈവ-രാസ-കീടനാശിനികൾ സ്യൂഡോ മൊണാസ്, ട്രൈക്കോ കാർഡ് എന്നിവയ്ക്ക് വേണ്ട തുക സബ്സിഡി ഇനത്തിൽ നൽകുവാൻ വകയിരുത്തിയിട്ടുണ്ട്. ഇതുപോലെ എല്ലാ ജില്ലകളിലും വിവിധ പദ്ധതികൾ രോഗ കീടനിയന്ത്രണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ 12 മൊബൈൽ ആഗ്രോ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും മൊബൈൽ ആഗ്രോക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) 12 മൊബൈൽ ആഗ്രോക്ലിനിക്കുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്. തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

(ഇ) അമിത കീടനാശിനി പ്രയോഗത്തിനെതിരെയും അതുമൂലമുണ്ടാകുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും കർഷകരെയും മറ്റ് പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി ധാരാളം പരിപാടികൾ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. ഇടുക്കി ജില്ലയിൽ 2010 ഡിസംബർ 3 മുതൽ 10 വരെ കീടനാശിനി വിരുദ്ധവാരമായി ആചരിച്ചതിന്റെ ഭാഗമായി അശാസ്ത്രീയ കീടനാശിനി പ്രയോഗത്തിന്റെ ദുഷ്യവശങ്ങളെ കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനായി നോട്ടീസ് വിതരണം നടത്തുകയും ബാനറുകൾ പ്രദർശിപ്പിക്കുകയും, സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, പ്രദർശനങ്ങൾ മുതലായവ നടത്തുകയും ചെയ്തു. കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് കാസർഗോഡ് ജില്ലയിൽ ചുവപ്പും മഞ്ഞയും ലേബലിൽ വിതരണം ചെയ്യുന്ന കീടനാശിനികളുടെ ഉപയോഗം സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 310/2010 തീയതി 2-12-2010 പ്രകാരം നിരോധിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. അതുപോലെ തന്നെ അശാസ്ത്രീയവും വിവേചനരഹിതവുമായ കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനായി കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ കുറിപ്പടികളുടെ അടിസ്ഥാനത്തിൽ മാത്രമേ കീടനാശിനി ഡിപ്പോകളിൽ നിന്ന് കീടനാശിനി വിതരണം നടത്തുവാൻ പാടുള്ളൂ എന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. (സ.ഉ. (എംഎസ്.) നമ്പർ 22/11 തീയതി 17-1-2011) കൂടാതെ കൃഷി വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന കാർഷിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവ മുഖേനയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly